Time present and time past
Are both present in time future
And time future contained in time past
(T.S. Eliot)

# കെ.ജി.എസ്സിന്റെ 'അടുത്ത്' എന്ന കവിതയ്ക്ക് ഒരാസ്വാദനം

■ ബാലചന്ദ്രൻ ചുള്ളിക്കാട്

# തീച്ചൂളയുടെ മുഹൂർത്തം*

കവിതയുടെ മാന്ത്രികമാത്രയിൽ നാം അനുഭവത്തിന്റെ ത്രികാലപ്പടർച്ച അറിയുന്നു. കെ.ജി. ശങ്കരപ്പിള്ളയുടെ 'അടുത്ത്' എന്ന കവിത കാലഘട്ടത്തിന്റെ സംഹാരശക്തിയുടെ വിന്യാസക്രമങ്ങളിലൂടെ മനുഷ്യവംശത്തിന്റെ പ്രാക്തനഭീകരതകളിലേക്കു നമ്മെ വ്യാപിപ്പിക്കുന്നു. സംസ്കൃതിയിലെ രഹസ്യക്ഷോഭങ്ങളുടെ മാരകതരംഗങ്ങളെ പിടിച്ചെടുക്കുന്നു. ദൃശ്യമാധ്യമത്തിന്റെ ആധുനികാനന്തര കാലബിന്ദുവിൽനിന്നും ഇതിഹാസകാലത്തിന്റെ ധർമ്മസന്ദിഗ്ധതകളോളം സംസ്കാരത്തിന്റെ സ്മൃതിപ്രയാണത്തെ പിൻതുടരുന്നു. വിദൂരഭൂതത്തിലെ വംശാനുഭവത്തിന്റെ സൂക്ഷ്മസംഘർഷങ്ങളെ വർത്തമാനത്തിന്റെ വിഹ്വലവിനാഴികയിലേക്ക് ആവാഹിക്കുന്നു.

"ഇവിടെ പൊട്ടിയതിൽ കത്തിക്കരിഞ്ഞത്
ഇനിയും സംസാരിക്കാനാവാത്ത ഒരു ഭാഷ".

ഒരുവശത്ത് ഭരണകൂട ഭീകരത. മറുവശത്ത് പ്രതിഭീകരത. നടുവിൽ നിസ്സഹായരായ ജനത. (സേനയോരുഭയോർ മദ്ധ്യേ!) സഹനം എന്നും ജനതയുടെ വിധി. മഹാപുരോഹിതൻ പറഞ്ഞതുപോലെ:

They know and do not know
That action is suffering
And suffering is action.
(T.S. Eliot)

സ്ഫോടനത്തിൽ കത്തിക്കരിയുന്നത് ശരീരങ്ങൾ മാത്രമല്ല. അനുഭവം, സംസ്കാരം, സ്നേഹം, വിശ്വാസം, പ്രതീക്ഷ– എല്ലാം കത്തിക്കരിയുന്നു. എല്ലാം ഉൾക്കൊള്ളുന്ന സൂക്ഷ്മശരീരമായ ഭാഷ കത്തിക്കരിയുന്നു. അതോടെ മാനുഷികമായ എല്ലാ ഭാവാർത്ഥവിനിമയങ്ങൾക്കും ലോകാവസാനമാവുന്നു. അർത്ഥം, തണൽ, വിശ്വാസം, സ്വപ്നം, പാട്ട്– 'അതെല്ലാം മതിയായിരുന്നു പാവങ്ങൾക്കു ജീവിക്കാൻ.' തുറമുഖത്തിൽ മരണവുമായി എത്തിയ മഹാപുരോഹിതനോട് മറ്റൊരു ജനത പറഞ്ഞത് ഓർക്കുന്നു:

There have been minor injustice.
Yet we gone on living.
Living and partly living.
(T.S. Eliot)

എങ്കിലും ജീവിക്കാൻ അപ്പത്തോടൊപ്പം നീതിയും അനിവാര്യമാകുന്നു. പാതകങ്ങൾ മഴപോലെ പെയ്യുമ്പോൾ നീതി കുരിശിലേറുന്നു. കുരിശിലല്ല, ക്യാമറയിലും കേബിളിലുമാണ് ഇന്നു ഭീകരതയ്ക്കിരയാകുന്ന നിരപരാധികളുടെ നിലവിളി. എങ്കിലും ആ നിലവിളിയിൽ കുരിശുമരണത്തിന്റെ നൈതികപ്രതിസന്ധി അലമുറക്കൊള്ളുന്നു. അതേ പ്രാർത്ഥനയുടെ സാദ്ധ്യത നിറയുന്നു. ക്രിസ്തുവിന്റെ രക്തം ഒരു പുതിയ സംസ്കൃതിയുടെ ഉദയമായിരുന്നു. രണ്ടായിരം വർഷത്തെ ശിലാമയനിദ്രയ്ക്കുശേഷം (Twenty centuries of stony sleep-W.B. Yeats) അന്ത്യാവതാരമെടുക്കാനായി ബത്‌ലഹേമിലേക്കു നീങ്ങുന്ന സംഹാരമൂർത്തിയെ യേറ്റ്സ് ദുഃസ്വപ്നത്തിൽ കണ്ടുവത്രേ. അന്നത്തെ നീതിമാന്റെ രക്തത്തിൽനിന്നും ഇന്നത്തെ നിരപരാധിയുടെ രക്തത്തിലേക്കുള്ള ഇരുപതുനൂറ്റാണ്ടിന്റെ ദൂരം പ്രകാശവേഗത്തിൽ താണ്ടുന്നു കെ.ജി.എസ്സിന്റെ വാങ്മയം.

### അധിനിവേശത്തിൽ കൊല്ലപ്പെടുന്ന ഭാഷ

അധിനിവേശത്തിന്റെ അപരവ്യാകരണത്തിൽ ഇതിഹാസകാലം മുതൽക്കുള്ള കള്ളച്ചൂതും ചതിയും. ലിംഗനീതിയെ വസ്ത്രാക്ഷേപം ചെയ്യുന്ന നീചപൗരുഷത്തിന്റെ കൊലച്ചിരി. 1519-ൽ തെക്കേ അമേരിക്കൻ ജനപദങ്ങളിൽ ഹെർണാൻഡോ കോർട്ടസ് (Hernando Cortes) ന്റെ നേതൃത്വത്തിൽ സ്പെയിൻകാർ നടത്തിയ കൂട്ടക്കൊലകൾ ഓർത്തുപോകുന്നു. ഒരു മഹാജനതയുടെ ഭാഷയെയും സംസ്കാരത്തെയും അവരുടെതന്നെ ചോരകൊണ്ടു മായ്ച്ചുകളഞ്ഞു, യൂറോപ്യൻ ക്രൂരത! ഉന്മാദിനിയായ ചരിത്രം കൊല്ലപ്പെട്ടവരുടെ ഭാഷ മറന്നു. കൊന്നവരുടെ ഭാഷ സംസാരിച്ചുതുടങ്ങി! അങ്ങനെ തെക്കെ അമേരിക്കയുടെ



കെ.ജി. ശങ്കരപ്പിള്ള

ഭാഷ സ്പാനിഷ് ആയി മാറി. ഭാരതീയരുടെ ആദിഭാഷകളുടെ വിധിയും മറിച്ചല്ല. അധിനിവേശങ്ങൾ കീഴടക്കപ്പെട്ടവരുടെ നാവ് അറുത്തുകളയുന്നു. ഭാഷ എടുത്തുകളയുന്നു. ഭാഷയിൽ ലയിച്ചുകിടക്കുന്ന അനുഭവവും ദർശനവും സംസ്കൃതിയും സ്വപ്നവും മായ്ച്ചുകളയുന്നു.

അധികാരമാകുന്നു പുരുഷാർത്ഥം. പുരുഷഭാഷയുടെ അർത്ഥം. അധികാരം ലക്ഷ്യവും യുദ്ധം മാർഗ്ഗവുമാകുമ്പോൾ നീതി കഴുവേറുന്നു. സ്ത്രീക്കു പ്രസവം പോലെയാണ് പുരുഷനു യുദ്ധം എന്നു പറഞ്ഞത് യുദ്ധത്തിന്റെ പിശാചകവിയായ മുസ്സോളിനിയാണ്. പുരുഷന്റെ നീചകലയാണ് യുദ്ധം. അവന്റെ നരകക്രിയ. ആത്മനാശത്തിന്റെ മുഹൂർത്തത്തിൽ മാത്രമാണ് വീരകർമ്മാവായ ഒഥെല്ലൊ, രുധിരസ്നാതമായ അഭിലാഷങ്ങളെ ആത്മസുഖപ്രദമായ സദ്ഗുണമാക്കി മാറ്റുന്ന മഹായുദ്ധങ്ങളോട് എന്നേയ്ക്കുമായി വിടപറയുന്നത്. (Farewell the plumed troops and the big wars that make ambition virtue-Oh, farewell.) അധികാരോന്മുഖമായ പുരുഷഭാഷയ്ക്ക് സ്ത്രീകളുടെയും കുട്ടികളുടെയും മരണവേദന അറിയാനാവില്ല. ഭാഷയുടെ പുരുഷപാപം പരിഹാരമില്ലാതെ തുടരുന്നു. സകല കർമ്മങ്ങളുടെയും കർതൃത്വം പൗരുഷത്താൽ നിർവചിക്കപ്പെടുന്നു. പീഡിതരുടെ ലോകഭാഷയായ മുറവിളിയുടെ തെരുവിൽ, അധികാരഭാഷയുടെ ലിംഗഭാരം ചുമക്കുന്ന അടിമകളായി ചുരുങ്ങിനിൽക്കുന്നു ക്രിയാപദരാശി!

പ്രപഞ്ചത്തിന്റെയും സമൂഹത്തിന്റെയും വ്യക്തിയുടെയും നിലനില്പിന് ഒരുപോലെ അനുകൂലമായ വിചാരവും വാക്കും പ്രവൃത്തിയുമാണ് ധർമ്മം. 'ദേവപ്രജ്ഞ അണുക്ഷയത്തിൽ ഉലകിൻ വൈകല്യം ഓരും' എന്നു കുമാരനാശാൻ. ഏതു നിസ്സാരധർമ്മഭ്രംശവും പ്രപഞ്ചസമഗ്രതയെ പ്രതികൂലമായി ബാധിക്കും. കവിയുടെ സർഗ്ഗപ്രജ്ഞ അതറിയും. ധർമ്മസത്തയാണു നീതി.

"ഈ നായും ഭൂതഭവ്യേശ
നിത്യമെൻ കൂറെഴുന്നതാം.
ഇവൻ പോരണമെന്നൊപ്പം.
എൻ ബുദ്ധിയനൃശംസയാം."

(മഹാഭാരതം)

എന്ന് ഇന്ദ്രനോടുപോലും അസന്ദിഗ്ധമായി ഉച്ചരിക്കാനുള്ള നീതിബോധം, നൃശംസതയുടെ കലികാലത്തിൽ എവിടെയെന്നു കുഴങ്ങിനിൽക്കുകയാണ് നമ്മുടെ ശ്വാനഖേദങ്ങൾ. ശിരസ്സറ്റ അനുഭവത്തിന്, വാലാണ് ഭാഷ.

ഇതോ വിജയം എന്നു കാലചേതന. മറുപടിയില്ല. പകരം തീച്ചൂളയുടെ മുഹൂർത്തം വാപിളർന്ന് ദുരന്തത്തിന്റെ വിശ്വരൂപം കാണിക്കുന്നു.

നാവടക്കൂ എന്ന് ആജ്ഞാപിക്കപ്പെട്ട അടിയന്തരാവസ്ഥയിൽ, നാവരിയപ്പെട്ട ജനതയുടെ ആത്മരോഷം നമ്മുടെ കവിത ആവിഷ്കരിച്ചു (നാവുമരം-സച്ചിദാനന്ദൻ). എട്ടാം നൂറ്റാണ്ടിൽ, മീമാംസാലോകവാർത്തികകാരനായ കുമാരിലഭട്ടന്റെ കാലത്ത്, ധർമ്മപ്രചാരകരായ ബുദ്ധഭിക്ഷുക്കളുടെ നാവ് അരിഞ്ഞുകളഞ്ഞിരുന്നത്രേ. ബ്രാഹ്മണാധിപത്യത്തെയും വേദപ്രാമാണ്യത്തെയും ചോദ്യം ചെയ്ത ഹേതുവാദികളായ ബുദ്ധഭിക്ഷുക്കളുടെ നിശിതയുക്തിയെ നിശ്ശബ്ദമാക്കാനായിരുന്നത്രേ ആ ഘോരകർമ്മം. കുമാരിലഭട്ടൻ തത്വചിന്തകൻ മാത്രമല്ല, അർത്ഥവിജ്ഞാനീയത്തിൽ അഭിഹിതാന്വയസിദ്ധാന്തകാരനായ ഭാഷാശാസ്ത്രജ്ഞൻ കൂടിയായിരുന്നു. നാവ്, ഭാഷ, അനുഭവം, പ്രകൃതി, സംസ്കൃതി- എല്ലാം അറുത്തുകളയപ്പെട്ട മുഴുവൻ ജനതകളുടെയും ചോര നാസറിന്റെ വായിൽ ഊറിക്കൂടുകയാണ്. ആ ചോരവായ് അധർമ്മഗ്രസ്തമായ സകലലോകങ്ങളെയും വേദനയുടെയും ശാപത്തിന്റെയും തീയിൽ ചുടാൻ പിളരുന്ന ചൂളയാണ്. അധിനിവേശിതമാനുഷ്യകത്തിന്റെ അഗ്നിവക്ത്രം. അതിന്റെ തീക്ഷ്ണമുഹൂർത്തത്തിലാണു നാം.

കടമ്മനിട്ടയുടെ പ്രാർത്ഥനയെ അനുസരിച്ച്, ഇന്നു വാക്ക് നാരസിംഹേതിബോധമായി നാവു കീറി വെളിപ്പെടുന്നില്ല. അറുത്തുകളയപ്പെട്ട നാവ് സീസർചക്രവർത്തിയുടെ അറുകൊലയെപ്പോലെ 'സർവ്വനാശം' എന്നലറിവിളിച്ചുകൊണ്ട്, കാലത്തിനുമേൽ കലാപത്തിന്റെ വേട്ടപ്പട്ടികളെ അഴിച്ചുവിട്ടുകൊണ്ട്, നമ്മുടെ അവ്യാകൃതബോധത്തിൽ അലഞ്ഞുതിരിയുന്നു. ■

*The Hour of the Furnaces (Spanish: La hora de los hornos): 1968 film directed by Octavio Getino and Fernando Solanas.
T.S. Eliot: Four quartets, Murder in the cathedral.
W.B. Yeats: The Second Coming.